## പതിനാലാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3012** **18.06.2019 -ൽ മറുപടിയ്ക്ക്**

### ഭരണഘടനാവിദ്യാഭ്യാസം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.ദാസൻ** | | | പ്രൊഫ : സി.രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| എ) | ഭരണഘടനാ വിദ്യാഭ്യാസം നൽകുന്നതിനായി ഏതെങ്കിലും പ്രത്യേക പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ ? | എ) | ഇന്ത്യൻ ഭരണഘടന സംബന്ധിച്ച് വിശദാംശങ്ങൾ സോഷ്യൽ സയൻസ് പാഠപുസ്തകങ്ങളിൽ ഉചിതമായ രീതിയിൽ ഉൾച്ചേർത്തിട്ടുണ്ട്. കൂടാതെ ഭരണഘടനാപരമായ മൗലികാവകാശങ്ങളെ കുറിച്ചും കുട്ടികളുടെ അവകാശങ്ങളെ കുറിച്ചും പാഠപുസ്തകങ്ങളിൽ സൂചിപ്പിച്ചിട്ടുണ്ട്. ഹയർസെക്കന്ററി തലങ്ങളിൽ വിഷയബന്ധിതമായും ഭരണഘടനയെ കുറിച്ച് പ്രതിപാദിക്കുന്നു. |
| ബി) | വിദ്യാർത്ഥികളുടെ പഠന സിലബസിൽ ഭരണഘടനയെക്കുറിച്ച് ആഴത്തിൽ പഠിക്കാനാവശ്യമായ ഭാഗങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള പരിഷ്കാരങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ? | ബി) | സംസ്ഥാനത്തെ സ്കൂൾ പാഠ്യപദ്ധതി സമഗ്രമായി പരിഷ്കരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഈ ഘട്ടത്തിൽ ഭരണഘടനാപരമായ കൂടുതൽ വിശദാംശങ്ങൾ പാഠ്യപദ്ധതിയിൽ അനുയോജ്യമായ ഭാഗങ്ങളിൽ ഉൾച്ചേർക്കുന്നതാണ്. കൂടാതെ സ്ത്രീകളിലും കുട്ടികളിലും ഭരണഘടനപരമായ അവകാശങ്ങളെ കുറിച്ച് അവബോധമുണ്ടാക്കുന്നതിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്കൂളുകൾ കേന്ദ്രമാക്കിയാണ് ഇത്തരം പ്രവർത്തനങ്ങൾ നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ